# Malayala Manorama
# 27 August 2018
# Kochi, After Flood, Fishermen, Rescue Operation

## മൽസ്യത്തൊഴിലാളികൾ നടത്തിയ രക്ഷാപ്രവർത്തനം അതുല്യം: മന്ത്രി മേഴ്സിക്കുട്ടിയമ്മ

### പ്രളയ രക്ഷാപ്രവർത്തനം നടത്തിയ മൽസ്യത്തൊഴിലാളികളെ ആദരിച്ചു



പ്രളയദുരന്തത്തിൽ രക്ഷകരായ ജില്ലയിലെ മത്സ്യത്തൊഴിലാളികളെ ആദരിക്കുന്ന ചടങ്ങ് മന്ത്രി ജെ. മേഴ്സിക്കുട്ടിയമ്മ ഉദ്ഘാടനം ചെയ്യുന്നു. എസ്. ശർമ എംഎൽഎ, പി.ടി. തോമസ് എംഎൽഎ, കെ.വി. തോമസ് എംപി, ഹൈബി ഈഡൻ എംഎൽഎ, പി. രാജീവ് തുടങ്ങിയവർ സമീപം.

കൊച്ചി ● വ്യക്തമായ ദിശാബോധത്തോടെയാണു മൽസ്യത്തൊഴിലാളികളെ സർക്കാർ രക്ഷാപ്രവർത്തനത്തിനു സജ്ജരാക്കിയതെന്നു മന്ത്രി ജെ. മേഴ്സിക്കുട്ടിയമ്മ പറഞ്ഞു. മൽസ്യത്തൊഴിലാളികൾ നടത്തിയ രക്ഷാപ്രവർത്തനം കേരളം എക്കാലവും നന്ദിയോടെ സ്മരിക്കുമെന്നും മന്ത്രി പറഞ്ഞു. പ്രളയദുരന്തത്തിൽ രക്ഷകരായ ജില്ലയിലെ മൽസ്യത്തൊഴിലാളികളെ ആദരിക്കുന്നതിനു ജില്ലയിൽ ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ചടങ്ങ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അവർ.

കടലാക്രമണം ശക്തമായാൽ വേണ്ട നടപടികൾക്കായി പതിനഞ്ചിന് എല്ലാ ജില്ലകളിലും ഫിഷറീസ് കൺട്രോൾ റൂം തുറന്നു. പ്രളയസമയത്തു പെരിയാറിലൂടെ ഒഴുകിയ കുട്ടവഞ്ചി ശ്രദ്ധയിൽപ്പെട്ടതോടെയാണ് എന്തുകൊണ്ടു രക്ഷാപ്രവർത്തനത്തിൽ മൽസ്യത്തൊഴിലാളികളുടെ സേവനം പ്രയോജനപ്പെടുത്തിക്കൂടാ എന്നു ചിന്തിക്കുന്നത്.

15ന് ഉച്ചയ്ക്കുതന്നെ രണ്ടു വഞ്ചികളുമായി മൽസ്യത്തൊഴിലാളികളെ പത്തനംതിട്ടയിലേക്ക് അയച്ചു. രാത്രി കൊല്ലം കടപ്പുറത്ത് മൈക്ക് അനൗൺസ്മെന്റിലൂടെ രക്ഷാപ്രവർത്തനത്തിന് ഇറങ്ങുവാൻ അവരോട് ആവശ്യപ്പെട്ടു.

പിന്നീടു മൽസ്യത്തൊഴിലാളികൾ തന്നെ കാര്യത്തിന്റെ ഗൗരവം മനസ്സിലാക്കി സ്വന്തം നിലയ്ക്കു ലോറികളിൽ വള്ളങ്ങളുമായി പ്രളയബാധിത പ്രദേശങ്ങളിലെത്തി.

പത്തനംതിട്ട ജില്ലയിൽ 70% പേരെയും രക്ഷപ്പെടുത്തിയതു മൽസ്യത്തൊഴിലാളികളാണ്. ബാക്കിയുള്ളവരെയാണു സൈന്യവും മറ്റുള്ളവരും ചേർന്നു രക്ഷപ്പെടുത്തിയത്.

എല്ലാ ജില്ലകളിലുമായി 669 വള്ളങ്ങളിൽ 65,000 പേരെയാണു മൽസ്യത്തൊഴിലാളികൾ മാത്രം രക്ഷിച്ചത്.

എല്ലാ വിഭാഗം ജനങ്ങളും രക്ഷാപ്രവർത്തിന് ഇറങ്ങിയെങ്കിലും മൽസ്യത്തൊഴിലാളികളെ മാത്രം ആദരിക്കുന്നതിനു കാരണം അവർ എക്കാലവും മുഖ്യധാരയിൽ നിന്നും മാറ്റപ്പെട്ടവരായിരുന്നതുകൊണ്ടാണ്.

ദുരിതത്തിന്റെ പാതാളത്തിൽ കഴിയുന്ന അവരെ സമൂഹത്തിന്റെ മുൻനിരയിലേക്കു കൊണ്ടുവരുകയാണു സർക്കാർ ലക്ഷ്യം. മൽസ്യത്തൊഴിലാളികൾ അന്തസിന്റെ കൊടുമുടിയിലാണ് ഇപ്പോൾ നിൽക്കുന്നതെന്നും മന്ത്രി പറഞ്ഞു.

രക്ഷാപ്രവർത്തകർക്ക് ഓണക്കോടിയും ഓണക്കിറ്റും മന്ത്രി നൽകി. നാലായിരം പേരെ രക്ഷിച്ച വൈപ്പിൻകരയിൽ നിന്നുള്ള പുങ്കാവനം വള്ളത്തിലെ തൊഴിലാളികളെയാണ് ആദ്യം ആദരിച്ചത്.

ഹൈബി ഈഡൻ എംഎൽഎ അധ്യക്ഷത വഹിച്ചു. കെ.വി. തോമസ് എംപി, എംഎൽഎമാരായ എസ്. ശർമ, പി.ടി. തോമസ്, കെ.ജെ. മാക്സി, ജോൺ ഫെർണാണ്ടസ്, എം. സ്വരാജ്, ആന്റണി ജോൺ, വി.ഡി. സതീശൻ, എൽദോസ് കുന്നപ്പള്ളി, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് ചെയർമാൻ സി.പി. കുഞ്ഞിരാമൻ, സിപിഎം സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം പി. രാജീവ്, കെഎൻഎം ജന. സെക്രട്ടറി ഹുസൈൻ മടവൂർ, കൊച്ചിൻ ഷിപ്‌യാർഡ് ചീഫ് ജനറൽ മാനേജർ എം.ഡി. വർഗീസ്, സിപിഎം ജില്ലാ സെക്രട്ടറി സി.എൻ. മോഹനൻ, സിപിഐ ജില്ലാ സെക്രട്ടറി പി. രാജു, ഡിസിസി പ്രസിഡന്റ് ടി.ജെ. വിനോദ്, ബിജെപി ജില്ലാ പ്രസിഡന്റ് എൻ.കെ. മോഹൻദാസ്, മുസ്‌ലിം ലീഗ് ജില്ലാ പ്രസിഡന്റ് എം.പി. അബ്ദുൽഖാദർ, മൽസ്യ ബോർഡ് കമ്മിഷണർ സി.ആർ. സത്യവതി എന്നിവർ പ്രസംഗിച്ചു.